To
DMCS

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

**website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145**

## പത്രക്കുറിപ്പ്

**തീയതി.01.06.2020**

### ലോക പരിസ്ഥിതിദിനം:
### 57.7 ലക്ഷം തൈകൾ തയ്യാറാക്കി വനം വകുപ്പ്

ലോക പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് 57.7 ലക്ഷം തൈകൾ വിതരണത്തിനായി തയ്യാറാക്കി. ഇതിൽ 47 ലക്ഷം തൈകൾ തദ്ദേശസ്വയംഭരണ വകുപ്പു മുഖേന സൗജന്യമായി വിതരണം ചെയ്യും. ജൂൺ 5 ന് ലോക പരിസ്ഥിതിദിനത്തിൽ തുടങ്ങി ജൂലൈ മാസത്തിലെ വനമഹോത്സവം വരെയുള്ള കാലയളവിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, മാധ്യമങ്ങൾ എന്നിവർക്ക് തൈകൾ സൗജന്യമായി ലഭിക്കും.

വനമഹോത്സവത്തിന്റെ ഭാഗമായി ആദിവാസി കോളനികൾ, വനസംരക്ഷണ സമിതി/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പരിധിയിൽ വരുന്ന വനമേഖലകൾ, വനപ്രദേശങ്ങളുടെ പുനസ്ഥാപനം എന്നിവയ്ക്കായി സാമൂഹ്യ വനവത്ക്കരണ വിഭാഗം 10.7 ലക്ഷം വൃക്ഷത്തൈകളാണ് വിതരണം ചെയ്യുക. വനം വകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം തയ്യാറാക്കിയ 57.7 ലക്ഷം തൈകളിൽ 24.89 ലക്ഷം ഫലവൃക്ഷത്തൈകളും 5.78 ലക്ഷം പുഷ്പിക്കുന്നവയും 7.84 ലക്ഷം ഔഷധ സസ്യങ്ങളും 3.77 ലക്ഷം സമുദ്ര/നദീതട സംരക്ഷണത്തിന് ഉപയോഗപ്രദമായതും തൈകൾ 15.37 ലക്ഷം തടിയുപയോഗത്തിനുള്ളവയുമാണ്. മാവ്, ഞാവൽ, പുളി, പ്ലാവ്, അമ്പഴം, സപ്പോട്ട, മാതളം, റംപുട്ടാൻ, മുരിങ്ങ, കണിക്കൊന്ന, മന്ദാരം, മഞ്ചാടി, മണിമരുത്, കുന്നിവാക,തേക്ക്, ഈട്ടി, കുമ്പിൾ, പൂവരശ്, അഗത്തിചീര, ദന്തപാല, മുള തുടങ്ങി നാൽപതോളം ഇനം വൃക്ഷത്തൈകളാണ് ഇക്കുറി വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ളത്.

ദിനാചരണത്തിന്റെ സംസ്ഥാനതല തൈവിതരണവും വൃക്ഷത്തൈ നടീലും ജൂൺ 5 രാവിലെ 9.30 ന് വനം വകുപ്പുമന്ത്രി അഡ്വ. കെ. രാജു കുടപ്പനക്കുന്ന് ദൂരദർശൻ കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ നിർവ്വഹിക്കും. സാമൂഹ്യവനവത്ക്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായുള്ള വൃക്ഷത്തൈ വിതരണവും നടീലും സംഘടിപ്പിച്ചിട്ടുണ്ട്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കും പരിസ്ഥിതി ദിനാഘോഷവും വനമഹോത്സവവും വനം വകുപ്പ് ആചരിക്കുക.

തൈകൾ, നഴ്സറികൾ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾക്ക് ജില്ലാ സാമൂഹ്യവനവത്ക്കരണ വിഭാഗം അസി. കൺസർവേറ്റർമാരെ ബന്ധപ്പെടാവുന്നതാണ്. ജില്ല,ഫോൺ നമ്പർ എന്നീ ക്രമത്തിൽ:- തിരുവനന്തപുരം- 0471 - 2360462- 9447979135, കൊല്ലം -0474 -2748976- 9447979132, പത്തനംതിട്ട- 0468 - 2243452- 9447979134, ആലപ്പുഴ- 0477 - 2246034- 9447979131, കോട്ടയം-0481-2310412-9447979133, ഇടുക്കി-04862 -232505-9447979142, എറണാകുളം-0484 - 2344761- 9447979141, തൃശൂർ- 0487 - 2320609- 9447979144,പാലക്കാട്-0491 - 2555521- 9447979143, മലപ്പുറം-0483 - 2734803- 9447979154, കോഴിക്കോട്- 0495 - 2416900- 9447979153, വയനാട്-04936 - 202623- 9447979155, കണ്ണൂർ- 0497 - 2705105- 9447979151, കാസർഗോഡ്- 04994 - 255234- 9447979152, നേച്ചർ സ്റ്റഡി സെന്റർ, കാലടി-0484 -2468680- 9447979164.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ